# ബഹുസ്വര ഇന്ത്യയിലെ ഇസ്‌ലാമിക രാഷ്ട്രീയം

ലേഖനം ● **അബ്ദുൽഹകീം നദ്‌വി**

**രാഷ്ട്രീയം** ഇസ്‌ലാമികാടിത്തറയിൽനിന്ന് വേറിട്ട് നിൽക്കുന്നതല്ല. താത്വികമായി മുസ്‌ലിം സമൂഹം ഒരുമിച്ചംഗീകരിക്കുന്നതാണിത്. രാഷ്ട്രീയവും ഇസ്‌ലാമും ഒരു വിധത്തിലും പൊരുത്തപ്പെടാത്ത വൈരുധ്യങ്ങളാണെന്ന് പ്രചരിപ്പിക്കുന്നവർ പോലും തത്വത്തിൽ ഇന്നതംഗീകരിക്കുന്നുണ്ട്. ഇന്ത്യ പോലുള്ള ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിക രാഷ്ട്രീയം എപ്രകാരമായിരിക്കണമെന്ന ചോദ്യത്തിന് പ്രായോഗിക രംഗത്തുനിന്ന് ലഭ്യമാകുന്ന മറുപടി അത് സാമുദായികമായിരിക്കണമെന്നാണ്. സാമുദായികതയുടെ തണലിലാണ് മുസ്‌ലിം പേരുകളിലും അല്ലാതെയും പ്രവർത്തിക്കുന്ന ഒട്ടുമിക്ക രാഷ്ട്രീയ പരീക്ഷണങ്ങളും നടന്നുകൊണ്ടിരിക്കുന്നത്.

സമുദായം എന്ന യാഥാർഥ്യത്തെ അംഗീകരിക്കുന്നതോടൊപ്പം നേരായാലും നെറികേടായാലും എന്റെ സമുദായം എന്ന തത്വത്തിൽ രൂപപ്പെടുന്ന രാഷ്ട്രീയ വീക്ഷണം ഇസ്‌ലാമിന് പരിചിതമല്ല. ഒരു ബഹുസ്വര സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകാനിടയുള്ള സൂത്രവാക്യം കൂടിയാണിത്. മുസ്‌ലിം സമുദായത്തിൽ നിലവിലുള്ളതും പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ രാഷ്ട്രീയ വേദികളെല്ലാം പൊതുവെ പ്രവർത്തിക്കുന്നത് ഇത്തരമൊരു തത്വത്തിൽനിന്നുകൊണ്ടാണ്. ഇസ്‌ലാമികാദർശ അടിത്തറയിൽ രൂപപ്പെടുന്ന രാഷ്ട്രീയ വേദികളെല്ലാം സാമുദായിക ഭൂമികയിൽ പ്രവർത്തിക്കുന്നവയായിരിക്കുമെന്ന തെറ്റിദ്ധാരണയിൽ നിന്നാണ് കേരളത്തിലെ മുസ്‌ലിം രാഷ്ട്രീയ നേതൃത്വം ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ ഇടപെടലുകളെ ഭയക്കുന്നതും വ്യാപകമായ കുപ്രചാരണങ്ങൾ അഴിച്ചു വിടുന്നതും.

രാഷ്ട്രീയത്തിന്റെ ഇസ്‌ലാമിക അടിത്തറ മാനവികതയാണ്. ഇസ്‌ലാമിന്റെ രാഷ്ട്രീയം മുസ്‌ലിമിന്റെ രാഷ്ട്രീയമല്ല. മനുഷ്യസമൂഹത്തിന്റേതാണ്. മനുഷ്യ സമൂഹത്തിന്റെ നന്മയെ തൊട്ടറിഞ്ഞും തിന്മക്കെതിരെ പ്രതിരോധം തീർത്തും അവകാശ ബാധ്യതകളെ കുറിച്ച ബോധമുണർത്തിയും മാനവകുടുംബ ബന്ധത്തിന്റെ കെട്ടുറപ്പിനെ ഓർമപ്പെടുത്തിയും നീതി, ധർമം, സാമൂഹിക ക്ഷേമം തുടങ്ങിയ അടിത്തറകളിലൂന്നി രാഷ്ട്രത്തെ പുനഃക്രമീകരിച്ചും നിലനിൽക്കുന്ന ഭദ്രവും സർഗാത്മകവുമായ സംവിധാനമാണ് ഇസ്‌ലാമിക രാഷ്ട്രീയം. ഒരു ബഹുസ്വര സമൂഹത്തിൽ നടപ്പാക്കേണ്ട വിട്ടുവീഴ്ചക്കിടമില്ലാത്ത രാഷ്ട്രീയ അടിത്തറ കൂടിയാണിത്.

ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ ആദർശ അടിത്തറ ഇളക്കമില്ലാത്തതാണെങ്കിലും കാലദേശങ്ങൾക്കനുസൃതം മാറ്റമുള്ളതും വ്യത്യസ്തവുമായിരിക്കും പ്രായോഗിക നിലപാടുകൾ. ഏകാധിപത്യവും രാജഭരണവും നിലനിൽക്കുന്നിടങ്ങളിലെ രാഷ്ട്രീയ നിലപാടല്ല ജനാധിപത്യ രാജ്യങ്ങളിൽ

സ്വീകരിക്കുക. മതേതര മൂല്യങ്ങൾ പരിഗണിക്കുന്ന രാഷ്ട്രീയ പാർട്ടികൾ മാത്രം രംഗത്തുള്ള തെരഞ്ഞെടുപ്പിൽ സ്വീകരിക്കുന്ന തന്ത്രങ്ങൾ വർഗീയ മതേതര വിരുദ്ധ പാർട്ടികൾ കൂടി ഉണ്ടായിരിക്കുമ്പോൾ സ്വീകരിക്കുന്നതിൽനിന്ന് വ്യത്യസ്തമായിരിക്കും. കോളനി രാജ്യങ്ങളിൽ രൂപപ്പെടുന്ന രാഷ്ട്രീയ നീക്കങ്ങളും സ്വതന്ത്ര രാജ്യങ്ങളിൽ രൂപപ്പെടുന്നതും വ്യത്യസ്തമായിരിക്കും. ഒരു ഏകശിലാ സമൂഹത്തിന്റെ രാഷ്ട്രീയ രീതിശാസ്ത്രത്തിന് ബഹുസ്വര സമൂഹത്തിന്റേതിൽനിന്ന് ഏറെ അന്തരമുണ്ടായിരിക്കും. സന്ദർഭാനുസൃതം വികാസമുണ്ടാകുന്ന പ്രക്രിയ കൂടിയാണ് ഇസ്‌ലാമിക രാഷ്ട്രീയം. ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നയവികാസങ്ങൾ രാഷ്ട്രീയ രംഗത്തെ ഇത്തരം മാറ്റങ്ങളെ പരിഗണിച്ച് കൊണ്ടാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

ഇന്ത്യ ജനാധിപത്യ മതേതര സോഷ്യലിസ്റ്റ് റിപ്പബ്ലിക്കാണ്. വ്യത്യസ്ത മത, ജാതി, ഭാഷ, സംസ്കാര, വർഗ, വർണങ്ങളുടെ അത്ഭുതകരമായ സംഗമ ഭൂമിയാണ് നമ്മുടെ രാജ്യം. വ്യത്യസ്ത മതങ്ങളും ജാതികളും ഉപജാതികളും സംസ്കാരങ്ങളുമുൾപ്പെടെയുള്ള സാമൂഹിക വൈവിധ്യങ്ങൾക്ക് പുറമെ ഭൂമിശാസ്ത്രപരമായ മാറ്റങ്ങളും നിലനിൽക്കുന്നുണ്ടിവിടെ. ഇത്തരം വൈവിധ്യങ്ങൾക്കിടയിലെ ഒരു മത ന്യൂനപക്ഷമാണ് മുസ്‌ലിംകൾ. വിശ്വാസ കർമ രംഗങ്ങളിൽ മറ്റുള്ളവരുടേതിൽനിന്നും ഏറെ അന്തരങ്ങൾ വെച്ച് പുലർത്തുന്നവരാണ് മുസ്‌ലിംകൾ. ഇത്തരമൊരു സാഹചര്യത്തിലെ ഇസ്‌ലാമിക രാഷ്ട്രീയം എന്തായിരിക്കണം?

നമ്മുടെ രാജ്യത്തിന്റെ അടിസ്ഥാന സവിശേഷതകൾ പരിഗണിച്ച് കൊണ്ടായിരിക്കണം നാം ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്തേണ്ടത്. ഒന്നാമതായി നമ്മുടേത് ഒരു ജനാധിപത്യ രാജ്യമാണ്. ജനാധിപത്യത്തിന് ധാരാളം മേന്മകളുണ്ട്. രാജവാഴ്ചക്കോ ഏകാധിപത്യ ഭരണക്രമത്തിനോ ഗോത്രഭരണത്തിനോ ഇല്ലാത്ത മേന്മകൾ. ഭരണാധികാരികളെ തെരഞ്ഞെടുക്കാനും പുറത്താക്കാനുമുള്ള ജനങ്ങളുടെ അധികാരം, അവരെ വിമർശിക്കാനും തിരുത്താനുമുള്ള സ്വാതന്ത്ര്യം, തിന്മകൾക്കും അധാർമികതകൾക്കുമെതിരെ ശബ്ദിക്കാനുള്ള അവകാശം, താൻ വിശ്വസിക്കുന്ന ആശയാദർശങ്ങൾ പ്രകടിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം, ആരാധനാലയങ്ങൾ മതപഠന സ്ഥാപനങ്ങൾ, മതപ്രചാരണ വേദികൾ തുടങ്ങിയവ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനുമുള്ള സ്വാതന്ത്ര്യം, തനിക്ക് ബോധ്യപ്പെടുന്ന ആശയത്തിന്മേൽ സംഘടിക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങി ഒട്ടേറെ നന്മകളുള്ള ആശയമാണ് ജനാധിപത്യം. ഇതര രാജ്യങ്ങളിലെ ഏകാധിപത്യ-സ്വേഛാധിപത്യ-പട്ടാള ഭരണകൂടങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ് ഈ മേന്മകൾ കൂടുതൽ മനസ്സിലാക്കാനാവുക.

പട്ടാള ഭരണത്തിൽ പട്ടാള മേധാവിയെയോ രാജവാഴ്ചയിൽ രാജാവിനെയോ ഏകാധിപത്യ രാജ്യങ്ങളിൽ ഏകാധിപതികളെയോ ചോദ്യം ചെയ്യുന്നതും അവരുടെ താൽപര്യത്തിന് വിരുദ്ധം ചെയ്യുന്നതും രാജ്യദ്രോഹവും വധാർഹമായ മഹാ അപരാധവുമായാണ് കണക്കാക്കപ്പെടുന്നത്. ഇത്തരം ഏകാധിപത്യ-സ്വേഛാധിപത്യ ഭരണക്രമം ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ അടിത്തറകളുമായി ഒരിക്കലും പൊരുത്തപ്പെടുന്നില്ല. ആധുനിക ജനാധിപത്യത്തിന്റെ നന്മകൾ ഇസ്‌ലാം നൂറ്റാണ്ടുകൾക്ക് മുമ്പ് പഠിപ്പിച്ചവയാണ്. ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ മഹദ് ആശയങ്ങളായിട്ടാണ് മേൽ സൂചിപ്പിച്ച നന്മകൾ നിലകൊള്ളുന്നത്. എന്നാൽ ആധുനിക ജനാധിപത്യത്തിൽ നന്മേഛുക്കൾക്ക് യോജിക്കാനാകാത്ത ഒരു വശം കൂടിയുണ്ട്.

ശരിയും തെറ്റും, നന്മയും തിന്മയും തീരുമാനിക്കുന്നത് ഭൂരിപക്ഷത്തിന്റെ ഹിതമനുസരിച്ചാവണം എന്നതിലാണ് വിയോജിപ്പ്. ജനാധിപത്യത്തോട് മൗലിക വിയോജിപ്പ് പ്രകടിപ്പിച്ചവർ പലരുമുണ്ട്. അതിൽ ഗാന്ധിജിയും ഉൾപ്പെടുന്നു. കമ്യൂണിസ്റ്റുകാരും താത്വികമായി ജനാധിപത്യം അംഗീകരിക്കുന്നവരല്ല. ഇനി അംഗീകരിച്ചാൽ തന്നെയും ബൂർഷാ ജനാധിപത്യം എന്നാണ് അതിനെ അവർ പരിചയപ്പെടുത്തിയിട്ടുള്ളത്. പ്രായോഗിക രംഗത്ത് ജനാധിപത്യം തീരെ കടന്ന് വന്നിട്ടില്ലെന്നതിന്റെ തെളിവുകൾ അവരുടെ പ്രവർത്തന രീതിതന്നെയാണ്. ഇന്ത്യയിൽ ഇസ്‌ലാമിക പ്രസ്ഥാനം വിയോജിപ്പ് നിലനിർത്തിപ്പോരുമ്പോൾ തന്നെ, ജനാധിപത്യത്തെ ഏറെ മാനിക്കുകയും ഉയർന്ന ജനാധിപത്യബോധം പാർട്ടിക്കകത്തും പുറത്തും കാത്ത് സൂക്ഷിക്കുകയും ചെയ്യുന്നു. ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളുടെ ചെറിയൊരു ഉദാഹരണം പോലും ചൂണ്ടിക്കാണിക്കാൻ കഴിയാത്തത് ഈ പ്രവർത്തന പാരമ്പര്യം നിലനിർത്തിപ്പോരുന്നത് കൊണ്ടാണ്.

നമ്മുടെ രാജ്യത്തിന്റെ രണ്ടാമത്തെ സവിശേഷത ഇത് ഒരു മതേതര രാജ്യമാണ് എന്നതാണ്.

ഇന്ത്യൻ മതേതരത്വം പാശ്ചാത്യ മതേതരത്വത്തിൽനിന്ന് ഏറെ വ്യത്യസ്തമാണ്. പാശ്ചാത്യ മതേതരത്വം മതമുക്തവും മതവിരുദ്ധവുമാണെങ്കിൽ ഇന്ത്യയുടേത് മതസ്വാതന്ത്ര്യവും പരസ്പര സൗഹൃദവുമാണ്. ഗാന്ധിജി മതേതരത്വം എന്നതിന് പകരം മതസൗഹാർദം എന്ന പദം ഉപയോഗിച്ചത് വളരെ ബോധപൂർവമാണ്. ഇന്ത്യയുടെ പരമോന്നത നീതിപീഠം ഇത് പല തവണ വ്യക്തമാക്കിയിട്ടുള്ളതുമാണ്. 1994 മാർച്ചിലെ എസ്.ആർ ബൊമ്മെയുടെ ഹർജിയിൽ സുപ്രിംകോടതിയുടെ വിധി ഇതിൽ ശ്രദ്ധേയമാണ്. ഇന്ത്യൻ പ്രസിഡന്റും ഭരണഘടനാ വിദഗ്ധനുമായിരുന്ന ഡോ. രാധാകൃഷ്ണൻ ഉൾപ്പെടെ പലരും ഇത് വ്യക്തമാക്കിയിട്ടുള്ളതാണ്.

ഇന്ത്യയിൽ നിലനിൽക്കുന്ന സവിശേഷമായ ഈ മതേതരബോധം ഇസ്‌ലാമിന്റെ പ്രകൃതം കൂടിയാണ്. എല്ലാ മത ജാതി വിഭാഗങ്ങൾക്കും സ്വതന്ത്രമായി അവരുടെ വിശ്വാസ-ആചാര-അനുഷ്ഠാന കർമങ്ങൾ നടത്താനും പ്രചരിപ്പിക്കാനും ഇസ്‌ലാം സ്വാതന്ത്ര്യം നൽകുന്നുണ്ട്. എന്നല്ല, അതിന്റെ സംരക്ഷണോത്തരവാദിത്വം ഇസ്‌ലാമിന്റേതായി നിർണയിക്കുകയും ചെയ്തിരിക്കുന്നു.

മൂന്നാമതായി ഇന്ത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കാണ്. 1973-ലാണ് സോഷ്യലിസം എന്ന പദം നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. സോഷ്യലിസം എന്നതുകൊണ്ട്, മാർക്സിന്റെ പ്രത്യയശാസ്ത്രമാനങ്ങളുള്ളതും ഒരു സ്വതന്ത്ര ദർശനം എന്ന നിലക്ക് കമ്യൂണിസ്റ്റുകാർ വിവക്ഷിക്കുന്നതുമായ അർഥത്തിലല്ല ആ പദം ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാമൂഹിക നീതിയെ സൂചിപ്പിക്കാൻ വേണ്ടി മാത്രമാണ്. ഭരണഘടനാ രൂപവൽകരണ വേളയിൽ ഈ പദം ചേർക്കാതിരിക്കാനുള്ള കാരണം സാമൂഹിക നീതി എന്ന ആശയം ഇന്ത്യൻ ഭരണഘടനയുടെ പൊതുഭാവമായി ഭരണഘടനാ ശിൽപികൾ കണ്ടിരുന്നത് കൊണ്ടായിരുന്നു. ഇന്ത്യൻ സോഷ്യലിസം ഒരു പ്രത്യേക തത്ത്വശാസ്ത്രം എന്ന നിലക്കോ സ്വതന്ത്ര സാമ്പത്തിക നയം എന്ന നിലക്കോ അല്ല ഉപയോഗിക്കുന്നതെന്നും നാടിന്റെ സമൃദ്ധിയും ക്ഷേമവും സന്തുലിതമായുണ്ടാകുന്ന സാമൂഹിക നീതിയാണെന്നും 2008 ജനുവരിയിലെ ഗുഡ് ഗവേണൻസ് ഇന്ത്യ ഫൗണ്ടേഷൻ നൽകിയ ഒരു ഹർജിയുടെ വിധിയിൽ സുപ്രീംകോടതി ഭരണഘടനാ ബെഞ്ച് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. സോഷ്യലിസം എന്നതുകൊണ്ട് ഇന്ത്യൻ ഭരണ ഘടന ഉദ്ദേശിക്കുന്ന അർഥ തലങ്ങൾ ഇസ്‌ലാമിക വിരുദ്ധമല്ലെന്ന് മാത്രമല്ല, ഇസ്‌ലാമിന്റെ ലക്ഷ്യവും പ്രതീക്ഷയുമാണ്.

ഏതൊരു സമൂഹത്തിൽ രൂപപ്പെടുന്ന രാഷ്ട്രീയ നീക്കങ്ങളും അതത് സമൂഹത്തിന്റെ സാംസ്കാരിക തലങ്ങളും മതകീയ മാനങ്ങളും പരിഗണിച്ച് കൊണ്ടുള്ളതായിരക്കണം. സാമൂഹിക ജീവിതത്തിൽ ഏറെ പ്രതിസന്ധികൾ അഭിമുഖീകരിച്ച് കൊണ്ടിരുന്നവരാണ് ഇന്ത്യൻ ജനത. മനുഷ്യാവകാശ ലംഘനങ്ങൾ, സാമൂഹിക അസമത്വം, നീതിനിഷേധം, ഭരണകൂട ഭീകരത, മുതലാളിത്ത ചൂഷണം തുടങ്ങി പല പ്രതിസന്ധികളും അവർ അഭിമുഖീകരിച്ച് കൊണ്ടിരിക്കുന്നു. ഇത്തരമൊരവസ്ഥയിൽ മാനവിക കാഴ്ചപ്പാടിലൂന്നി കൊണ്ടും സാമൂഹിക നീതി ഉയർത്തിപ്പിടിച്ചും അടിസ്ഥാന ജനതയുടെ സർവതോന്മുഖ വികസനവും പുരോഗതിയും ലക്ഷ്യമാക്കിയുമാണ് പ്രവർത്തിക്കേണ്ടത്. അതിനുതകും വിധം രാഷ്ട്രീയ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും ക്രമീകരിക്കാനും സാധിക്കേണ്ടതുണ്ട്.

## പ്രവർത്തന മേഖല

രാജ്യനിവാസികൾ നേരിടുന്ന പൊതുപ്രശ്നങ്ങൾ അഭിമുഖീകരിക്കാനും പാർശ്വവൽകൃത ജനതയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും അവരുടെ കൈകളിൽ അധികാരം ഏൽപിച്ച് കൊടുക്കാനും അതിനവരെ പ്രാപ്തരാക്കാനുമുള്ള പ്രവർത്തനങ്ങളും തന്ത്രങ്ങളുമാണ് പ്രഥമമായി രൂപപ്പെടേണ്ടത്. ഈജിപ്തിൽ ഇസ്‌റാഈല്യർ അഭിമുഖീകരിച്ച ഭരണകൂട ഭീകരതകളും ചൂഷണങ്ങളും മുൻനിർത്തി മൂസാ പ്രവാചകന്റെ പ്രവർത്തന മേഖലയുടെ ദിശ നിർണയിച്ച്കൊണ്ട് ഖുർആൻ സമർപ്പിക്കുന്ന രാഷ്ട്രീയ തത്ത്വം കൂടിയാണിത്. "ഭൂമിയിൽ മർദിത ജനവിഭാഗങ്ങളോട് ഔദാര്യം കാണിക്കണമെന്നും അവരെ നായകന്മാരും അനന്തരാവകാശികളുമാക്കണമെന്നും നാം ഉദ്ദേശിക്കുന്നു. ഫിർഔനും ഹാമാനും അവരുടെ ഭടന്മാരും ആശങ്കിക്കുന്നതിനെ അവർക്ക് അനുഭവിപ്പിക്കണമെന്നും നാം ആഗ്രഹിക്കുന്നു" (*അൽ ഖസ്വസ്* 6,7). ദുർബല ജനവിഭാഗങ്ങൾക്ക് വേണ്ടി ദൈവമാർഗത്തിൽ ഉറച്ചുനിന്ന് പോരാടാതിരിക്കാൻ എന്തുണ്ട് ന്യായം (*അന്നിസാഅ്* 75) എന്ന മൂർച്ചയേറിയ ചോദ്യം നൽകുന്ന ഉത്തരവാദിത്വബോധവും പ്രചോദനവുമാണ് പ്രവർത്തന മാർഗത്തിന്റെ ദിശനിർണയിക്കേണ്ടത്.

രാഷ്ട്രീയ സാമൂഹിക മണ്ഡലത്തിൽ നിലനിൽക്കുന്നതും എന്നാൽ തുടച്ച് നീക്കൽ അനിവാര്യവുമായ തിന്മകളുടെ നിർമാർജനം ഇതിൽ ഗൗരവമർഹിക്കുന്നു. അഴിമതി, സാമ്പത്തിക കുംഭകോണങ്ങൾ, സദാചാര വിരുദ്ധ പ്രവണതകൾ, സ്വജനപക്ഷപാതം, അധികാര പദവികളുടെ ദുരുപയോഗം തുടങ്ങി സമസ്ത തിന്മകളുടെയും സംഗമ സ്ഥലമായി രാഷ്ട്രീയവും ഭരണ പ്രവർത്തനങ്ങളും മാറിയ സാഹചര്യത്തിൽ ഇസ്‌ലാമിക അടിത്തറയിൽ രൂപപ്പെടുന്ന രാഷ്ട്രീയ വേദികൾ പ്രശ്നവൽക്കരിക്കേണ്ട മുഖ്യ മേഖല ഇത് തന്നെയായിരിക്കും.

യഥാർഥ ജനാധിപത്യബോധം പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനും ഭരണാധികാരികളെ അതിലേക്ക് തിരിച്ച് വിടാനും കഴിയുന്ന വിധം രാഷ്ട്രീയ സമ്മർദം ചെലുത്തുക എന്നതും ഇന്ന് ഏറെ പ്രസക്തമാണ്. ജനാധിപത്യം കൊണ്ട് അർഥമാക്കുന്നത് ഭൂരിപക്ഷ ഹിതമനുസരിച്ച ഭരണം എന്നത് മാത്രമല്ല. എല്ലാ ജനവിഭാഗങ്ങൾക്കും അർഹമായ പരിഗണനയും തുല്യനീതിയും ലഭ്യമാകുന്ന സാഹചര്യം സൃഷ്ടിക്കുംവിധം രാജ്യഭരണം ക്രമപ്പെടുത്തൽ ജനാധിപത്യവൽകരണത്തിന്റെ പ്രധാന ഭാഗമാണ്. ഭരണ ഉദ്യോഗ പങ്കാളിത്തം, സാമ്പത്തിക നീതി, സാമൂഹികാംഗീകാരം തുടങ്ങി പല മേഖലകളിലും ഇന്ന് നിലനിൽക്കുന്നത് നീതീകരണമില്ലാത്ത അന്തരങ്ങളും വിടവുകളുമാണ്. ഇത് പരിഹരിക്കാൻ കഴിയുംവിധം പൊതുസമൂഹത്തിന്റെ ബഹുസ്വരതയെ ഉൾക്കൊള്ളാനും അവരെയെല്ലാം ഉൾപ്പെടുത്തി ഭരണനിർവഹണം ക്രിയാത്മകമാക്കാനും ഒരു രാഷ്ട്രീയ മുന്നേറ്റം തീർച്ചയായും നമ്മുടെ രാജ്യം ആഗ്രഹിക്കുന്നുണ്ട്.

സന്തുലിത വികസന ബോധം ഭരണാധികാരികൾക്ക് ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. മുതലാളിത്ത കോർപറേറ്റുകളുടെ വികസനമാണ് നടന്ന് കൊണ്ടിരിക്കുന്നത്. ഉള്ളവൻ വളരുകയും ഇല്ലാത്തവൻ തളരുകയും ചെയ്യുന്ന വികസനം രാജ്യത്തിന്റെ പ്രത്യേകതയായി മാറിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ രൂപപ്പെടുന്ന രാഷ്ട്രീയ കൂട്ടായ്മകൾക്ക് ഇല്ലാത്തവന്റെ പക്ഷത്തുനിന്ന് വികസന മുൻഗണനാക്രമങ്ങൾ നിർണയിക്കാൻ സാധിക്കേണ്ടതുണ്ട്. നീതിയും സമത്വവും വികസനത്തിന്റെ മാനദണ്ഡമായിരിക്കണം. വികസനത്തിന്റെ ഗുണഫലങ്ങൾ അർഹർക്ക് ലഭ്യമാകും വിധം നീതിപൂർവമായിരിക്കണം നടപ്പിലാക്കേണ്ടത്. ഇത് നിലവിലെ സാമ്പത്തിക കാഴ്ചപ്പാടുകളെയും വികസന രീതിശാസ്ത്രങ്ങളെയും പൊളിച്ചെഴുതാൻ കഴിയുന്ന വിധമായിരിക്കണം.

സമൂഹത്തിൽ സ്ത്രീകൾ എന്നും അബലകളാണ്. സ്ത്രീവാദവും സ്ത്രീസംരക്ഷണവുമെല്ലാം വലിയ ഒച്ചയിൽ പറഞ്ഞ് കൊണ്ടിരിക്കുമ്പോഴും ഇതേ അവസ്ഥ തന്നെയാണ് തുടർന്ന് കൊണ്ടിരിക്കുന്നത്. അവർക്ക് നേരെ നടക്കുന്ന കൈയേറ്റങ്ങളും അതിക്രമങ്ങളും തുടർന്നുകൊണ്ടിരിക്കുകയാണിന്നും. വിദ്യാഭ്യാസം നൽകിയും സാമൂഹികാവബോധം സൃഷ്ടിച്ചും സ്ത്രീത്വത്തെ വളർത്തി മുഖ്യധാരയിൽ കൊണ്ടുവരാനാവശ്യമായ കർമ പദ്ധതികൾ ഈ രാഷ്ട്രീയ പ്രവർത്തനത്തിന്റെ പ്രധാന ഊന്നലുകളിലൊന്നാണ്.

സാമൂഹിക നീതി ഉറപ്പാക്കുന്നതിന്റെ ഭാഗമായി പാർശ്വവൽകൃത ജനവിഭാഗങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതപർവങ്ങളിൽനിന്ന് അവരെ കരകയറ്റാനുള്ള സജീവ ഇടപെടലുകളും മുഖ്യ പ്രവർത്തനമായിരിക്കണം. ആദിവാസി, ദലിത്, പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ തുടങ്ങി പലരും ഇന്ന് അപരവൽകരണത്തിന്റെ ഇരകളാണ്. സമൂഹത്തിന്റെ മുഖ്യധാരയിൽ ഇവർക്ക് ഇടം നൽകാൻ പൊതുധാര ഇന്നും മടിക്കുന്നു. സമൂഹത്തിൽ അർഹമായ പരിഗണനയും ആദരവും ലഭ്യമാക്കി ഇവരെ കൂടി ഉൾക്കൊള്ളുംവിധം മുഖ്യധാരയെ ഉടച്ച് വാർക്കൽ ഏറെ പ്രസക്തമായ രാഷ്ട്രീയ പ്രവർത്തനമാണ്.

ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ പ്രധാന ഉള്ളടക്കമാണ് എല്ലാവർക്കും സാമൂഹികനീതി ഉറപ്പ് വരുത്തി അവരുടെ അടിസ്ഥാന ജീവിതാവശ്യങ്ങൾ നിവർത്തിച്ച് നൽകൽ. അടിസ്ഥാന മാനുഷികാവകാശങ്ങളുടെ പൂർത്തീകരണം ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ ഉരകല്ല് കൂടിയാണ്. ഇസ്‌ലാമിക രാഷ്ട്രീയത്തെ തിരിച്ചറിയാനുള്ള ഐഡന്റിറ്റിയും അതുതന്നെ. ഒരു ബഹുസ്വര സമൂഹത്തിൽ വ്യത്യസ്ത മതവീക്ഷണങ്ങൾ വെച്ച് പുലർത്തുന്നവരുണ്ടാവും. അവരുടെ മതവികാരങ്ങൾ വ്രണപ്പെടുന്ന വിധം സാമുദായിക വൈരവും മതസ്പർധയും വളർത്തുന്ന ഒന്നും അത്തരമൊരു സമൂഹത്തിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്. ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ വ്യത്യാസങ്ങളെ ഗുണകാംക്ഷാപൂർവം പരിഗണിക്കാനാകണം. എല്ലാവരുമായും നല്ല ബന്ധം നിലനിർത്തി, പരസ്പര കൊള്ളക്കൊടുക്കലിലൂടെയുള്ള ഇടപാടുകളാവണം ഒരു ബഹുസ്വര സമൂഹത്തിൽ ഉണ്ടാകേണ്ടത്.

സാമ്രാജ്യത്വ ഇടപെടലുകൾ അതിന്റെ പാരമ്യത്തിൽ എത്തി നിൽക്കുകയാണ്. നേരത്തെ പരോക്ഷ ഇടപെടലുകൾ മാത്രമായിരുന്നെങ്കിൽ ഇന്നത് പ്രത്യക്ഷമായിത്തന്നെ നടക്കുന്നു. സാമ്രാജ്യത്വ കുതന്ത്രങ്ങൾ തിരിച്ചറിയപ്പെടുന്ന രാഷ്ട്രീയം സർവ മേഖലകളിലും അന്യം നിന്ന് കഴിഞ്ഞു. ഇടതുപക്ഷ രാഷ്ട്രീയം പോലും സാമ്രാജ്യത്വ പാളയത്തിലാണ് അഭയം കണ്ടെത്തിയിരിക്കുന്നത്. രാജ്യതാൽപര്യം മുൻനിർത്തി സാമ്രാജ്യത്വ വിരുദ്ധ രാഷ്ട്രീയം ശക്തമായി ഉയർത്തിപ്പിടിക്കുന്ന ഒരു രാഷ്ട്രീയ ചേരിയുടെ അപര്യാപ്തത ഇന്ന് ഏറെ പ്രകടമാണ്. രാജ്യനിവാസികളുടെ പുരോഗതി, അടിസ്ഥാന വർഗങ്ങളുടെ വികസനം, സാമ്പത്തിക സന്തുലിതത്വം, എല്ലാവർക്കും തുല്യനീതി തുടങ്ങിയ മുദ്രാവാക്യങ്ങളായിരിക്കണം അത്തരമൊരു രാഷ്ട്രീയചേരി ഉയർത്തിപ്പിടിക്കേണ്ടത്. ഇസ്‌ലാം വിഭാവനം ചെയ്യുന്ന നന്മയുടെയും മാനവിക മൂല്യങ്ങളുടെയും സാധ്യമായ പ്രയോഗവൽകരണമാണ് രാജ്യത്ത് ഉണ്ടാകേണ്ടത്.

ഇബ്നുൽ ഖയ്യിം പോലുള്ള പൂർവ പണ്ഡിതർ ഇസ്‌ലാമിക ശരീഅത്തിന്റെ രാഷ്ട്രീയ ഉള്ളടക്കം വിശദീകരിക്കുന്നിടത്ത് ഇസ്‌ലാമിക നിയമങ്ങളുടെയും നന്മകളുടെയും സാധ്യമായ പ്രയോഗവൽകരണം ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ ഭാഗമാണെന്ന് വ്യക്തമാക്കുന്നുണ്ട്. തുർക്കിയിൽ ഉർദുഗാന്റെ നേതൃത്വത്തിൽ എ.കെ പാർട്ടി മികച്ച പ്രകടനം കാഴ്ച വെക്കുന്നത് ഈ തത്വത്തിൽനിന്ന് കൊണ്ടാണ്. ബഹുസ്വര മതേതര കാഴ്ചപ്പാട് വെച്ചുപുലർത്തുന്ന ജനസമൂഹത്തിൽ അത്തരമൊരു രാഷ്ട്രീയമാണ് രൂപപ്പെടേണ്ടത്. പാർട്ടിയുടെ പേര് മുതൽ പ്രവർത്തന രീതി, നയനിലപാടുകൾ, പങ്കാളിത്തം തുടങ്ങി എല്ലാ കാര്യങ്ങളിലും ഈ വിശാലത വെച്ചുപുലർത്താൻ ഇസ്‌ലാമികാടിത്തറയിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനം ബാധ്യസ്ഥമാണ്.

## മുസ്‌ലിം സമൂഹവും
## ഇസ്‌ലാമിക രാഷ്ട്രീയവും

ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ പൊതു പ്രകൃതം മാനവികതയാണെന്ന് നേരത്തെ പറഞ്ഞു. എന്നാൽ മുസ്‌ലിം സമുദായമെന്നത് ഒരു യാഥാർഥ്യമാണ്. അവർ ഭരണ രംഗത്തെ സവർണാധിപത്യത്തിൻ കീഴിൽ പല രംഗങ്ങളിലും അങ്ങേയറ്റം പിന്നാക്കമായി നിൽക്കുന്നു. അവരുടെ സ്വത്വം പോലും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. സവർണ മുഖ്യധാര ബോധപൂർവം അവരെ മാറ്റിനിർത്താൻ തകൃതിയായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഭീകരമുദ്ര ചാർത്തിയും അന്യതാബോധം വളർത്തിയും ദേശീയതയോട് ഇഴുകിചേരാത്തവർ എന്നാരോപിച്ചും ഈ പ്രക്രിയ പൂർവാധികം ശക്തിപ്പെട്ട ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ഭരണകൂടങ്ങളും രാഷ്ട്രീയ പാർട്ടികളും മീഡിയയും കുറ്റാന്വേഷണ-നീതിന്യായ സംവിധാനങ്ങളും ഉൾപ്പെടെ എല്ലാവരും അവരുടെ പങ്ക് നിർവഹിച്ചുകൊണ്ടിരിക്കുന്നു. ഭരണകൂട അനീതികൾക്കെതിരെയും മനുഷ്യവിരുദ്ധ വികസന നയങ്ങൾക്കെതിരെയും ശബ്ദിക്കുന്നവരെ മൗനികളാക്കാൻ പറ്റിയ ഏറ്റവും മൂർച്ചയേറിയ ആയുധമായി ഭീകരവാദ-തീവ്രവാദാരോപണം മാറിക്കഴിഞ്ഞു. ആഗോളതലത്തിൽ സാമ്രാജ്യത്വ ശക്തികൾ സൃഷ്ടിച്ച ഭീതിയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട പൊതുബോധമാണ് ഇത്തരമൊരു ആയുധം പുറത്തെടുക്കാൻ ഇവർക്ക് ധൈര്യം പകരുന്നത്. അപരവൽകരണത്തിന് വിധേയമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന മുസ്‌ലിം സമൂഹത്തിന്റെ മുഖ്യധാരയിലുള്ള ന്യായമായ ഇടം തിരിച്ചുപിടിക്കുക എന്നത് ഇന്ന് ഏറെ പ്രസക്തമാണ്.

ന്യൂനപക്ഷങ്ങൾ ഉൾപ്പെടെ എല്ലാ മത ജാതി വിഭാഗങ്ങൾക്കും ഭരണഘടന വകവെച്ച് നൽകുന്ന ന്യായമായ അവകാശങ്ങളിൽ ഏറെ പ്രധാനമാണ് അതത് വിഭാഗങ്ങളുടെ പേഴ്സണൽ ലോകൾ. ഏക സിവിൽകോഡ് വാദം കുറെകാലമായി മുഴങ്ങി കേൾക്കുന്ന സംഘ്പരിവാർ കോലാഹലങ്ങളിലൊന്നാണ്. മുസ്‌ലിം പേഴ്സണൽ ലോ സംരക്ഷിക്കുകയും കാലാനുസൃത പരിഷ്കരണങ്ങൾക്ക് മുൻകൈയെടുക്കുകയും അതിനെതിരെ ഉയരുന്ന ഭീഷണികൾ ചെറുക്കുകയും ചെയ്യേണ്ടതുണ്ട്. ഇസ്‌ലാമികാചാരാനുഷ്ഠാനങ്ങളും ആരാധനാകർമങ്ങളും നിർവഹിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം, ഇസ്‌ലാമിക പഠനകേന്ദ്രങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ട് പോകാനുമുള്ള അവകാശം, ഇഷ്ടമുള്ള മതം സ്വീകരിക്കാനും ഇഷ്ടമുള്ളത് കൈയൊഴിയാനുമുള്ള സ്വാതന്ത്ര്യം തുടങ്ങിയ കാര്യങ്ങളും ഒരു ജനതയുടെ സ്വത്വബോധം നിലനിർത്താനും സംരക്ഷിക്കാനും ഏറെ ആവശ്യമാണ്.

ഒരു ജനതയുടെ ധാർമിക സദാചാര മര്യാദകളെ ഏറെ വിലമതിക്കുന്ന ദർശനമാണ് ഇസ്‌ലാം.

സ്വവർഗരതി, നഗ്നതാ പ്രദർശനം, പരസ്ത്രീ സംസർഗം, അശ്ലീലതാ പ്രചാരണം, കുത്തഴിഞ്ഞ ലൈംഗികത തുടങ്ങിയ സദാചാര പ്രശ്നങ്ങളും മദ്യം, മയക്കുമരുന്ന്, ലഹരി വസ്തുക്കളുടെ ഉപയോഗം തുടങ്ങിയ പൊതുതിന്മകളും പലിശ, ചൂതാട്ടം, പൂഴ്ത്തിവെപ്പ്, വഞ്ചന, കൈക്കൂലി തുടങ്ങിയ സാമ്പത്തിക കുറ്റകൃത്യങ്ങളും തുടച്ച് നീക്കൽ ഏതൊരു സമൂഹത്തിന്റെ വളർച്ചക്കും പുരോഗതിക്കും അനിവാര്യമാണെന്ന് ഇസ്‌ലാം മനസിലാക്കുന്നു. ഇത്തരം സാമൂഹിക അത്യാചാരങ്ങളും അതിർകവിയലുകളും വ്യാപകമായ ഇന്ത്യൻ സാഹചര്യത്തിൽ അതിനെ ചെറുക്കുന്ന രാഷ്ട്രീയമാണ് ജനാധിപത്യ സ്വഭാവത്തിൽ രൂപപ്പെടുത്തേണ്ടത്.

മുസ്‌ലിംകൾ നമ്മുടെ രാജ്യത്ത് വിവിധ മതവിഭാഗങ്ങളിലൊന്ന് മാത്രമാണ്. അവരെ പൊതുധാരയിൽനിന്ന് മാറ്റി നിർത്താനുള്ള ബോധപൂർവമായ ശ്രമം നടക്കുന്നു. മുസ്‌ലിം സ്വത്വത്തെ ഉൾക്കൊള്ളാൻ കഴിയാത്തവർ ന്യൂനപക്ഷമാണെങ്കിലും, ഭൂരിപക്ഷവും മുസ്‌ലിം സമൂഹത്തെ ഉൾക്കൊള്ളാൻ മടികാണിക്കുന്നവരാണെന്ന ധാരണ പരത്തുന്നതിൽ പ്രതിയോഗികൾ വിജയിച്ചിരിക്കുന്നു. ഇതിനെ മറികടക്കാൻ മുസ്‌ലിം സമൂഹത്തെ പ്രാപ്തമാക്കുക എന്നത് ഇസ്‌ലാമിക രാഷ്ട്രീയ വേദിയുടെ ബാധ്യതയായിരിക്കും. മുസ്‌ലിംകൾ അവകാശങ്ങൾ ചോദിക്കുന്നവർ മാത്രമാണെന്നും ക്രിയാത്മകമായി രാജ്യത്തിന് വേണ്ടി ഒന്നും സമർപ്പിക്കാത്തവരാണെന്നുമുള്ള വാദത്തിന് ഇന്ന് ഏറെ പ്രചാരം സിദ്ധിച്ചിരിക്കുന്നു. അത്തരമൊരു ധാരണ സ്വകാര്യമായിട്ടെങ്കിലും വെച്ച് പുലർത്തുന്ന ധാരാളമാളുകളുണ്ട്. ഇത് തിരുത്താനുള്ള ബോധപൂർവമായ ശ്രമങ്ങൾ മുസ്‌ലിം പക്ഷത്ത് നിന്ന് ഉണ്ടാവണം. രാജ്യത്തിന് ക്രിയാത്മകമായി പലതും സംഭാവന നൽകിയവരാണ് മുസ്‌ലിംകളെന്ന് ചരിത്രത്താളുകൾ ഉദ്ധരിക്കുന്നതിന് പകരം, വർത്തമാന സാഹചര്യത്തിലും അങ്ങനെ തന്നെയാണെന്ന് പ്രായോഗികമായി തെളിയിക്കാനാണ് മുസ്‌ലിം സമൂഹം ശ്രമിക്കേണ്ടത്. രാഷ്ട്രീയമായി അവർക്ക് നേതൃത്വം നൽകുന്നവരുടെ മുഖ്യ പരിഗണനയിലുണ്ടാകേണ്ട ഒന്നാണിത്.

മുസ്‌ലിം സമുദായം ചരിത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസ ഉദ്യോഗ ഭരണ മേഖലയിൽ ഇന്നും ഏറെ പിറകിലാണ്. ചരിത്രപരമായ മണ്ടത്തരമെന്നോ ചെറുത്തുനിൽപ് രംഗത്തെ തീവ്രതയെന്നോ സങ്കുചിത യാഥാസ്ഥിതിക വാദത്തിന്റെ മേൽകൈ കൊണ്ടെന്നോ, ഇങ്ങനെ പല കാരണങ്ങൾ വെച്ചും ഈ പിന്നാക്കാവസ്ഥയെ വിശകലനം ചെയ്യാം. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം പോയിട്ട് അതിന്റെ നേരിയൊരംശം പോലും പല മേഖലകളിലും ഇന്നും മുസ്‌ലിം സമൂഹത്തിനില്ല. ഉള്ളതുതന്നെ വളരെ താഴെ തലങ്ങളിൽ മാത്രം. സൈന്യം, കുറ്റാന്വേഷണ സംവിധാനം, ഭരണനിർവഹണം, നീതിന്യായം തുടങ്ങിയ രംഗങ്ങളിലും വിദ്യാഭ്യാസ മേഖലയിലുമെല്ലാം ഈ പിന്നാക്കാവസ്ഥ പ്രകടമാണ്. സച്ചാർ സമിതിയും മിശ്ര കമീഷനും ചൂണ്ടിക്കാട്ടിയ ഭീതിജനകമായ ഈ പുറംതള്ളൽ ബോധപൂർവമുള്ള അകറ്റി നിർത്തലിന്റെ ഭാഗമാണ്. സംവരണം ഉൾപ്പെടെയുള്ള ബാക്ക്-അപ് പ്രവർത്തനങ്ങളാണ് ഇത് പരിഹരിക്കാനുള്ള ഏക ബദൽ. ഇത് കേവലം സാമുദായിക പ്രശ്നം എന്നതിലുപരി പൗരന്മാരുടെ തുല്യ നീതിയുടെ ഭാഗമായാണ് ഉയർത്തിക്കൊണ്ട് വരേണ്ടത്.

മുസ്‌ലിം ജനസാമാന്യത്തിന്റെ സാംസ്കാരിക വളർച്ചയും സാമ്പത്തികാഭിവൃദ്ധിയും വിദ്യാഭ്യാസ പുരോഗതിയും ഉൾപ്പെടെ നാനാവിധ പ്രശ്നങ്ങൾ മനുഷ്യാവകാശ പ്രശ്നങ്ങളായി പരിഗണിക്കണം. സാമുദായികമായി മാത്രം കൈകാര്യം ചെയ്തതിന്റെ പോരായ്മകളും കുറവുകളും അങ്ങനെ മാത്രമേ പരിഹരിക്കാനാകൂ. മുസ്‌ലിംകൾ രാജ്യത്തിന്റെ ഭാഗമാണെന്ന ബോധം സ്വയം നിലനിർത്തിയും മറ്റുള്ളവരെ ബോധ്യപ്പെടുത്തിയും ക്രിയാത്മക പങ്കാളിത്തം വഹിക്കാൻ ഈ രാഷ്ട്രീയത്തിന് സാധിക്കേണ്ടതുണ്ട്. ■